# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. **455**</u>

**<u>22.03.2018 ൽ മറുപടിക്ക്</u>**

## <u>കരിമണൽ ഖനനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ. ബഷീർ<br>ഡോ. എം.കെ. മുനീർ<br>ശ്രീ. അബ്ദുൽ ഹമീദ്.പി. | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) ധാതുസമ്പന്നമായ കരിമണലിന്റെ ഖനനം സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കരിമണൽ ഖനനം ആവശ്യമായ പാരിസ്ഥിതിക സുരക്ഷയും മൂല്യവർദ്ധനവും ഉറപ്പാക്കി പൊതുമേഖലയുടെ കീഴിൽ കൊണ്ടു വരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ധാതുക്കൾ പ്രകൃതിവിഭവങ്ങളാണ്. ആയതിനാൽ, അവ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടം വരാതെ സമൂഹത്തിനാകെ പ്രയോജന പ്പെടുന്ന രീതിയിലായിരിക്കണം ഉപയോഗപ്പെടുത്തേ ണ്ടത്. ആയതിനാൽ ഇത്തരം ഖനന പ്രവർത്തനങ്ങൾ പൊതുമേഖലയിൽ പരിമിത പ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പാരിസ്ഥിതിക സുരക്ഷയും മൂല്യ വർദ്ധനവും ഉറപ്പാക്കി സംസ്ഥാനത്തെ പൊതുമേഖല യുടെ കീഴിൽ കരിമണൽ ഖനനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പ്രാഥമിക മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ചവറയിലെ ചിറ്റൂർ പ്രദേശത്തെ 180 ഓളം ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>അറ്റോമിക് മിനറൽ കൺസഷൻ ചട്ടങ്ങൾ 2016 പ്രകാരം കരിമണൽ (ബീച്ച് സാന്റ് മിനറൽസ്) നിക്ഷേപത്തെകുറിച്ച് പഠനം നടത്തേണ്ടത് അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ളറേഷൻ & റിസർച്ച് (എഎംഡി) ആണ്. ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (IREL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കരിമണൽ ഖനനവും മൂല്യവർദ്ധനവും നടത്തിവരുന്നുമുണ്ട്. എഎംഡി കണ്ടുപിടിച്ച മറ്റ് നിക്ഷേപങ്ങൾകൂടി പൊതുമേഖലാസ്ഥാപനം വഴി ഖനനം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി കരിമണൽ നിക്ഷേപങ്ങളുള്ള |

| | | |
|---|---|---|
| | | സ്ഥലങ്ങളുടെ സർവ്വേ നമ്പരോടുകൂടിയ പട്ടികയുടെ വിജ്ഞാപനം കേന്ദ്രസർക്കാർ അനുമതിയോടുകൂടി ഇറക്കേണ്ടതുള്ളതിനാൽ കരിമണൽ നിക്ഷേപമുള്ള സ്ഥലങ്ങളുടെ ജിയോറഫൻസ്ഡ് മാപ്പും പഠനറിപ്പോർട്ടും എഎംഡിയോട് ആവശ്യപ്പെടുകയും ആയത് നൽകുവാൻ എഎംഡി സമ്മതം അറിയിച്ചിട്ടുമുണ്ട്. |
| (സി) | കരിമണൽ ഖനനം നടത്തുന്നതു മൂലം സാമ്പത്തികമായി സർക്കാരിന് ഉണ്ടാകുന്ന നേട്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) നിലവിൽ സംസ്ഥാനത്ത് ധാതുമണൽ ഖനനം ചെയ്യുന്നതിന് മെ.ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും (IREL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിനും (KMML) മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ധാതുമണൽ ഖനനത്തിന് പ്രസ്തുത കമ്പനികൾ 2014-15 മുതൽ 2018 ഫെബ്രുവരി വരെ ഒടുക്കിയ റോയൽറ്റി ചുവടെ ചേർക്കുന്നു.<br><br>2014-15 3,18,28,000/- രൂപ<br>2015-16 2,54,92,972/- രൂപ<br>2016-17 2,93,54,864/- രൂപ<br>2017-18 3,59,97,207/- രൂപ<br>(ഫെബ്രുവരി വരെ)<br><br>കരിമണൽ ഖനനം തുടർന്ന് നടത്തുന്നതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നേട്ടം തിട്ടപ്പെടുത്തുന്നതിന് സംസ്ഥാനത്തെ ആകെ കരിമണൽ നിക്ഷേപത്തെകുറിച്ചുള്ള എഎംഡിയുടെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

Manjit

**സെക്ഷൻ ഓഫീസർ**